## അധ്യായം 93

## അള്ളുഹാ

അവതരണം മക്കയിൽ, വചനങ്ങൾ 11

---

**അധ്യായ പരിചയം:**

പ്രവാചകൻ മുഹമ്മദ് നബിയുടെ മക്കാജീവിതത്തിൻെറ ആദ്യഘട്ടത്തിൽ അവതരിച്ച അധ്യായമാണിത്. ദിവ്യബോധനം അവതരിച്ചു തുടങ്ങിയതിനു ശേഷം ഏതാനും നാൾ ദിവ്യബോധനമൊന്നും അവതരിക്കുകയുണ്ടായില്ല. ഇത് പ്രവാചകനെ ഏറെ വേദനിപ്പിച്ചു. തന്നിൽനിന്ന് വല്ല അപാകതയും സംഭവിച്ചതുകൊണ്ടാണോ ദിവ്യബോധനങ്ങളൊന്നും അവതരിക്കാത്തത് എന്നുപോലും അദ്ദേഹം സംശയിച്ചു. അതല്ല, അല്ലാഹു തന്നെ കൈവെടിഞ്ഞതാണോ എന്നും അദ്ദേഹം ആകുലപ്പെട്ടു. ആ ഘട്ടത്തിലാകട്ടെ അദ്ദേഹത്തിന് ദിവ്യബോധനത്തിൻെറ കടുത്ത ഭാരം വഹിച്ചുശീലമുണ്ടായിരുന്നുമില്ല. ഇതെക്കുറിച്ച് അദ്ദേഹത്തെ സമാധാനിപ്പിക്കുകയാണ്: താങ്കളുടെ നേരെ ഏതെങ്കിലും വിധത്തിലുള്ള നീരസമുണ്ടായതുകൊണ്ടോ താങ്കളെ കൈവിട്ടതുകൊണ്ടോ അല്ല ദിവ്യബോധനം നിർത്തിവെച്ചത്. മറിച്ച് നിരന്തരമുള്ള ദിവ്യബോധനാവതരണം താങ്കൾക്ക് വഹിക്കാവുന്നതിലപ്പുറം പ്രയാസം ഉണ്ടാകാതിരിക്കാനാണ് ഈ നടപടി. അതുമൂലം താങ്കൾക്ക് അല്പം സാവകാശവും വിശ്രമവും ലഭിക്കുന്നതുമാണ്.

ദിവ്യബോധനാവതരണം സംബന്ധമായി പ്രവാചകന് ഉണ്ടായിരുന്ന ആശങ്ക ദൂരീകരിക്കുകയും അദ്ദേഹത്തെ ആശ്വസിപ്പിക്കുകയും ചെയ്യുകയാണ് ഈ അധ്യായത്തിൻെറ പ്രധാന ലക്ഷ്യം. അദ്ദേഹത്തെ ആശ്വാസിപ്പിച്ചുകൊണ്ട് മൂന്ന് കാര്യങ്ങൾ അല്ലാഹു അദ്ദേഹത്തിൻെറ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു.

ഒന്ന്, താങ്കളെ അനാഥനായി കണ്ടതിനാൽ അഭയം നല്കുകയുണ്ടായി.

രണ്ട്, വഴിയറിയാത്തവനായി താങ്കളെ കണ്ടതിനാൽ നേർമാർഗം കാണിച്ചുതന്നു.

മൂന്ന്, താങ്കളെ നിർധനനായി കണ്ടതിനാൽ ധനാഢ്യനാക്കുകയുണ്ടായി. ഈ അനുഗ്രഹങ്ങളാൽ തന്നെ അല്ലാഹു ഒരിക്കലും താങ്കളെ കൈവെടിഞ്ഞിട്ടില്ല. മാത്രവുമല്ല, ഈ അനുഗ്രഹങ്ങളെക്കാൾ ഉപരി കൂടുതൽ താങ്കൾക്ക് നല്കുകയും ചെയ്യും.

ഈ ആശ്വാസവചനത്തോടൊപ്പം ഒരു ആദർശ പുരുഷനെന്ന നിലക്ക് എങ്ങനെ പെരുമാറണമെന്ന് സൂചിപ്പിച്ചുകൊണ്ട് അദ്ദേഹത്തോട് നിർദ്ദേശിക്കുന്നു: നീ അനാഥരോട് പരുഷമായി പെരുമാറരുത്. ചോദിച്ചുവരുന്നവരെ ആട്ടിയകറ്റുകയും അരുത്. നിൻെറ നാഥൻെറ അനുഗ്രഹത്തെക്കുറിച്ച് പ്രസ്താവിക്കുകയും ചെയ്യുക.

**അർഥം:**

| | | |
|---|---|---|
| പകൽ വെളിച്ചമാണ് സത്യം | *വള്ളുഹാ* | وَالضُّحَى |
| രാത്രിയെക്കൊണ്ടും സത്യം | *വല്ലൈലി* | وَاللَّيْلِ |
| അത് ശാന്തമാകുമ്പോൾ | *ഇതാ സജാ* | إِذَا سَجَى |
| നിന്നെ കൈവെടിഞ്ഞിട്ടില്ല | *മാവദ്ദഅക* | مَا وَدَّعَكَ |
| നിൻെറ നാഥൻ | *റബ്ബുക* | رَبُّكَ |
| അവൻ അതൃപ്തനായിട്ടുമില്ല | *വമാ ഖലാ* | وَمَا قَلَى |

| | | |
|---|---|---|
| പരലോകം തന്നെയാകുന്നു | *വലൽ ആഖിറത്തു* | وَلَلْآخِرَةُ |
| നിനക്ക് ഉത്തമം | *ഖൈറുല്ലക* | خَيْرٌ لَكَ |
| ഇഹത്തെക്കാൾ | *മിനൽ ഊലാ* | مِنَ الْأُولَى |
| അടുത്തുതന്നെ അവൻ നിനക്ക് പ്രദാനം ചെയ്യുന്നുണ്ട്. | *വലസൗഫ യുഅ്ത്വീക* | وَلَسَوْفَ يُعْطِيكَ |
| നിൻെറ നാഥൻ | *റബ്ബുക* | رَبُّكَ |
| അപ്പോൾ നീ സംതൃപ്തനാകും | *ഫതർളാ* | فَتَرْضَى |
| നിൻെറ കണ്ടില്ലേ? | *അലം യജിദ്ക* | أَلَمْ يَجِدْكَ |
| അനാഥനായിട്ട് | *യതീമൻ* | يَتِيمًا |
| അങ്ങനെ അഭയം നല്കുകയും ചെയ്തില്ലേ? | *ഫആവാ* | فَآوَى |
| നിന്നെ കാണുകയും ചെയ്തില്ലേ? | *വവജദക* | وَوَجَدَكَ |
| വഴിയറിയാത്തവനായിട്ട് | *ദാല്ലൻ* | ضَالًّا |
| അങ്ങനെ നേർവഴി കാണിച്ചുതന്നില്ലേ? | *ഫഹദാ* | فَهَدَى |
| നിന്നെ കാണുകയും ചെയ്തില്ലേ? | *വവജദക* | وَوَجَدَكَ |
| നിർധനനായിട്ട് | *ആഇലൻ* | عَائِلًا |
| അങ്ങനെ സമ്പന്നനാക്കുകയും ചെയ്തില്ലേ? | *ഫഅഗ്നാ* | فَأَغْنَى |
| അതിനാൽ അനാഥയോട് | *ഫഅമ്മൽ യതീമ* | فَأَمَّا الْيَتِيمَ |
| നീ മോശമായി പെരുമാററരുത് | *ഫലാ തഖ്ഹർ* | فَلَا تَقْهَرْ |
| എന്നാൽ യാചകനെയാകട്ടെ | *വഅമ്മസ്സാഇല* | وَأَمَّا السَّائِلَ |
| നീ ആട്ടിയകററരുത് | *ഫലാതൻഹർ* | فَلَا تَنْهَرْ |
| എന്നാൽ അനുഗ്രഹത്തെപ്പററി | *വഅമ്മാബിനിഅ്മതി* | وَأَمَّا بِنِعْمَةِ |
| നിൻെറ നാഥൻെറ | *റബ്ബിക* | رَبِّكَ |
| നീ സംസാരിക്കുക | *ഫഹദ്ദിസ്* | فَحَدِّثْ |

വചന വിശകലനം:

وَالضُّحَى വദ്ദുഹാ

പകൽ വെളിച്ചമാണ് സത്യം.

ഖുർആനിൽ പല സ്ഥലങ്ങളിലും ളുഹാ എന്ന വാക്ക് ഉപയോഗിച്ചതായി കാണാവുന്നതാണ്. പകൽവെളിച്ചം, മധ്യാഹ്നം എന്നൊക്കെയാണ് അതിൻെറ ഉദ്ദേശ്യം. ഇവിടെ പ്രവാചകനെ ആശ്വസിപ്പിക്കുവാൻ പകൽവെളിച്ചത്തെയും തുടർന്ന് ശാന്തമായ നിശയെയും പിടിച്ച് ആണയിട്ട് ചില കാര്യങ്ങൾ അദ്ദേഹത്തെ ഉണർത്തുകയാണ് അല്ലാഹു ചെയ്യുന്നത്. അഥവാ പ്രകൃതിയുടെ ഭാഗമായ ഈ വകഭേദങ്ങൾ എപ്രകാരം ഉറപ്പാണോ അപ്രകാരം ഉറപ്പായതാണ് നാം നിന്നെ ബോധ്യപ്പെടുത്തുന്ന കാര്യങ്ങളും എന്ന് പ്രവാചകനെ തെര്യപ്പെടുത്തുകയാണ് അതിലൂടെ ചെയ്യുന്നത്.

وَاللَّيْلِ إِذَا سَجَى **വല്ലൈലി ഇതാ സജാ**

ശാന്തമാകുന്ന രാത്രിയെക്കൊണ്ടും സത്യം.

രാത്രിയുടെ ഇരുട്ടോടൊപ്പമാണ് ചുറ്റുപാടുകളും ശാന്തമാകുന്നത്. ബഹളവും ദുരിതവും നിറഞ്ഞ പകലിന് ശേഷം വന്നെത്തുന്ന രാത്രിയെ എല്ലാ ദുഖങ്ങളും പകലിലെ ക്ലേശങ്ങളും മറന്ന് സുഖകരമായ വിശ്രമം ലഭിക്കുന്നതിനുള്ള വേളയായാണ് സംവിധാനിച്ചിരിക്കുന്നത്. ഇവിടെ പ്രധാനം മനസ്സിൻെറയും ശരീരത്തിൻെറയും വിശ്രമവും സമാധാനവുമാകുന്നു. ഇതേ അവസ്ഥയാണ് ഏറെ പ്രയാസങ്ങൾക്ക് ശേഷം പ്രവാചകനും വരാനിരിക്കുന്ന ഭാവിയെന്ന സൂചന കൂടി ഈ ആലങ്കാരികപ്രയോഗം സൂചിപ്പിക്കുന്നു.

مَا وَدَّعَكَ رَبُّكَ وَمَا قَلَى മാ വദ്ദഅക റബ്ബുക വമാഖലാ

നിൻെറ നാഥൻ നിന്നെ കൈവെടിഞ്ഞിട്ടില്ല, അവൻ അതൃപ്തനായിട്ടുമില്ല.

ആദ്യകാലത്ത് തുടരെ അവതരിച്ചിരുന്ന ദിവ്യബോധനം (വഹ്യ്) കുറച്ചുകാലം നിലയ്ക്കുകയുണ്ടായെന്ന് സൂചിപ്പിച്ചല്ലോ. അതിൻെറ കാലദൈർഘ്യം എത്രയെന്ന് കൃത്യമല്ല. പല പണ്ഡിതന്മാരും പല കണക്കും സൂചിപ്പിക്കുന്നുണ്ട്. ഏതായാലും തിരുനബിക്ക് പ്രയാസം അനുഭവപ്പെടുമാറ് ആ കാലയളവ് ദീർഘമായിരുന്നു എന്നുവേണം കണക്കാക്കുവാൻ. തനിക്ക് അവതരിച്ചുകൊണ്ടിരുന്ന ഖുർആൻ അപ്പപ്പോൾ ജനത്തെ കേൾപ്പിക്കുകയായിരുന്ന നബിയുടെ പതിവ്. ഈ പതിവ് ഏതാനും നാൾ നിന്നതോടെ അത് വിമർശകർക്ക് ഒരു ആയുധമാവുകയുണ്ടായി. എത്രത്തോളമെന്നുവെച്ചാൽ ഇനി അത് അവതരിക്കുകയില്ല എന്നുപോലും ചിലർ പ്രചരിപ്പിക്കുകയുണ്ടായി.

മുഹമ്മദിനെ അവൻെറ ദൈവം കൈവെടിഞ്ഞു എന്നും ശത്രുക്കൾ പറഞ്ഞുപരത്തി. അബൂലഹബിൻെറ ഭാര്യ ഉമ്മുജമീൽ ഒരിക്കൽ പ്രവാചകനോട് നേരിട്ട് ചോദിക്കുകയുണ്ടായി: മുഹമ്മദേ, നിൻെറ ചെകുത്താൻ നിന്നെ കൈവെടിഞ്ഞോ?

ഈ ഘട്ടം പ്രവാചകനെ വല്ലാതെ പ്രയാസപ്പെടുത്തി. ശത്രുക്കളുടെ കിംവദന്തി ഈ പ്രയാസത്തെ വർധിപ്പിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ അവതീർണമായ ആശ്വാസവചനങ്ങളിലൂടെ അദ്ദേഹത്തിൻെറ ഉള്ളം കുളുർപ്പിക്കുന്നതോടൊപ്പം അദ്ദേഹത്തിൻെറ പ്രതിയോഗികൾക്ക് സൂക്ഷ്മമായ മുന്നറിയിപ്പും നല്കുകയായിരുന്നു. അദ്ദേഹത്തോട് അവൻ അരുളുന്നു: ദിവ്യബോധനം നിലച്ചത് നിന്നെ കൈവെടിഞ്ഞതുകൊണ്ടോ നീരസം തോന്നിയതുകൊണ്ടോ അല്ല. രാവും പകലും അടങ്ങിയ ദിനചംക്രമണം എവ്വിധം അല്ലാഹുവിൻെറ അറിവോടും നിയന്ത്രണത്താലും സംഭവിക്കുന്നുവോ അതേവിധം തന്നെയാണ് ദിവ്യബോധനത്തിൻെറ അവസ്ഥയും. അത് അയയ്ക്കുന്നവൻെറ യുക്തിയും അറിവുമാണ് അതിലുമുള്ളത്. അവൻെറ ജ്ഞാനമാണ് അതിനെ നിയന്ത്രിക്കുന്നതും. പകലിലെ കടുത്ത അധ്വാനം തളർത്തുന്ന

തുപോലെ തുടരെ തുടരെയുള്ള ദിവ്യബോധനാവതരണം നിന്നെ തളർത്തിക്കളയും എന്നതാണ് അതിലെ യുക്തിയെന്നും പ്രവാചകനെ ബോധ്യപ്പെടുത്തുന്നു. അതിനാണ് ഇടവേളകൾ നല്കുന്നത്. അല്ലാതെ ഏതെങ്കിലും നീരസത്തിന്റെ പേരിലല്ല.

---

وَلَلْآخِرَةُ خَيْرٌ لَكَ مِنَ الأُولَى  വലൽ ആഖിറത്തു ഖൈറുല്ലക മിനൽ ഊലാ

ഇഹത്തെക്കാൾ നിനക്കുത്തമം പരലോകമാകുന്നു.

---

ഒരിക്കൽ പ്രവാചകൻ അരുളി: എനിക്ക് ശേഷം എന്റെ സമുദായത്തിനു ലഭിക്കുന്ന എല്ലാ വിജയങ്ങളും എനിക്ക് കാണിക്കപ്പെട്ടു. ഞാനതിൽ സന്തോഷിക്കുന്നു." അപ്പോൾ അല്ലാഹു ഈ വചനമവതരിപ്പിച്ചു: "പരലോകം നിനക്ക് ഇഹത്തെക്കാൾ ഉത്തമമാകുന്നു." അഥവാ ഭൗതികലോകത്ത് പ്രവാചകന് വരാനിരിക്കുന്ന അനുഗ്രഹങ്ങളെക്കാൾ ഉത്തമമായ വിഭവങ്ങളും അനുഗ്രഹങ്ങളും പ്രവാചകന് പരലോകത്ത് ലഭിക്കും എന്ന സൂചനയാണ് അത് നല്കുന്നത്. ഭൗതികലോകത്ത് അദ്ദേഹത്തിന്റെ പേരും പ്രശസ്തിയും എത്രമാത്രം ഉയർന്നതും വിശാലവുമാണോ അതിനെക്കാളെല്ലാം വ്യാപകവും ഗഹനവുമായിരിക്കും പരലോകത്തെ അദ്ദേഹത്തിന്റെ പ്രശസ്തി.

---

وَلَسَوْفَ يُعْطِيكَ رَبُّكَ فَتَرْضَى  വലസൗഫ യുഅ്ത്വീക റബ്ബുക ഫതർദാ

തീർച്ചയായും നിന്റെ നാഥൻ നിനക്ക് അടുത്തുതന്നെ നല്കുന്നതാണ്. അപ്പോൾ നീ സംതൃപ്തനാകും.

---

പിൽക്കാലത്ത് അദ്ദേഹം നേടിയ വിജയത്തിലേക്കാണ് മിക്കവാറും ഇതിന്റെ സൂചന. ആരുമില്ലാത്ത ഒരു ഘട്ടത്തിൽ ആരംഭിച്ച ഇസ്‌ലാമികാദർശം പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്തു അറേബ്യയുടെ മിക്ക ഭാഗങ്ങളെയും പുല്കുന്നത് കാണാനും ഇസ്‌ലാമിന്റെ അധ്യാപനങ്ങൾക്കൊത്ത് ജീവിക്കുന്ന അവസ്ഥയിലേക്ക് അവിടത്തുകാരെ പരിവർത്തിപ്പിക്കാനും പ്രവാചകന് സാധിച്ചു. പിൽക്കാലത്താകട്ടെ ഭൂഖണ്ഡങ്ങൾ കീറിമുറിച്ചു ഇസ്‌ലാം മുന്നേറുകയുണ്ടായി. അദ്ദേഹത്തിനെതിരെ പൊരുതിയവർ തന്നെ അദ്ദേഹത്തിന്റെ ഉത്തമ അനുയായികളാകുന്നതു കാണാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി. എന്നാൽ നേരത്തെ സൂചിപ്പിച്ചതുപോലെ ഇതിനെക്കാൾ വിശിഷ്ടമായതായിരിക്കും അല്ലാഹു അദ്ദേഹത്തിന് പരലോകത്ത് നല്കുന്നത്.

---

أَلَمْ يَجِدْكَ يَتِيمًا فَآوَى  അലം യജിദ്ക യതീമൻ ഫആവാ

അവൻ നിന്നെ അനാഥനായി കാണുകയും അങ്ങനെ അഭയമേകുകയും ചെയ്തില്ലയോ?

---

തീർത്തും അനാഥനായാണ് ലോകഗുരുവായ മുഹമ്മദ് നബി ജനിച്ചുവളർന്നത്. ആറു മാസം ഗർഭാവസ്ഥയിലായിരിക്കെയാണ് പിതാവ് അബ്ദുല്ല ഒരു യാത്രക്കിടയിൽ മരണമടഞ്ഞത്. അനാഥത്വം പേറിക്കൊണ്ട് അദ്ദേഹം ജനിച്ചു. അക്കാലത്ത് കുട്ടികൾ ആരോഗ്യവും ചുറുചുറുക്കും ഉള്ളവരാകാൻ മക്കളെ മുലയൂട്ടുന്നതിനായി മറ്റുള്ള സ്ത്രീകളെ ഏല്പിക്കുന്ന പതിവ് മക്കയിൽ ഉണ്ടായിരുന്നു. പണവും പ്രതാപവും ഉള്ള മക്കളെയാണ് ആ സ്ത്രീകൾ സ്വീകരിച്ചിരുന്നത്. അനാഥരും ദരിദ്രരുമായ ശിശുക്കളെ ആരും തിരിഞ്ഞുനോക്കിയിരുന്നില്ല. എന്നാൽ പ്രവാചകനെ അല്ലാഹു നല്ല സ്ത്രീയെ തന്നെ ഏല്പിക്കുകയും ഉന്നതമായ രീതിയിൽ അദ്ദേഹത്തെ പരിപാലിക്കുകയും ചെയ്തു.

ആറു വയസ്സായപ്പോൾ മാതാവ് ആമിനയും മരണമടഞ്ഞു. തീർത്തും അനാഥനായ അദ്ദേഹത്തെ എട്ട് വയസ്സു വരെ പിതാമഹൻ അബ്ദുൽ മുത്വലിബ് ലാളിച്ചു

വളർത്തി. അദ്ദേഹത്തിന് അക്കാര്യത്തിൽ അഭിമാനം തോന്നുകയും മറ്റുള്ളവർക്കി ല്ലാത്ത പരിഗണന ആ കുട്ടിക്ക് നല്കുകയും ചെയ്തു.

അബ്ദുൽ മുത്വലിബ് മരണമടഞ്ഞപ്പോൾ പിതൃവ്യൻ അബൂത്വാലിബാണ് നബി യുടെ സംരക്ഷണം ഏറ്റെടുത്തത്. മരണം വരെ ശത്രുക്കളിൽനിന്നുപോലും സംരക്ഷി ക്കുന്ന രീതിയിലും ലാളനയിലും ബഹുമാനത്തിലുമാണ് അദ്ദേഹം തൻെറ സഹോദര പുത്രനെ പോറ്റിയത്. ഇങ്ങനെ തികച്ചും അനാഥത്വം നിലനിന്നപ്പോൾ പോലും അതൊരിക്കലും അനുഭവപ്പെടാത്ത രീതിയിൽ അത്രയും സുരക്ഷയോടെ അല്ലാഹു തൻെറ ദാസനെ പോറ്റിവളർത്തുകയും സംരക്ഷിക്കുകയും ചെയ്തു. അവങ്കൽ നിന്നുള്ള ഈ ഔദാര്യം അദ്ദേഹത്തോടുണ്ടായിരുന്ന പ്രത്യേക കാരുണ്യമായാണ് എടുത്തുപറയുന്നത്.

---

وَوَجَدَكَ ضَالًّا فَهَدَى വവജദക ദാല്ലൻ ഫഹദാ

നിന്നെ വഴിയറിയാത്തവനായി കാണുകയും അങ്ങനെ നേർവഴി കാണിച്ചുതരികയും ചെയ്തില്ലേ?

---

"ളാല്ല്" എന്ന പദത്തിന് പല അർഥങ്ങളുമുണ്ട്. മാർഗഭ്രംശം എന്നാണ് ഒരർഥം. വഴിയറിയാതാവുകയാണ് മറ്റൊരർഥം. ഫാഴാവുക, അശ്രദ്ധ തുടങ്ങി വേറെ അർഥ ങ്ങളുമുണ്ട്. എന്നാൽ പ്രവാചകനെ സംബന്ധിച്ചിടത്തോളം മാർഗഭ്രംശം അല്ലെങ്കിൽ വഴികേട് എന്ന അവസ്ഥ ഒരിക്കലും യോജിക്കുകയില്ല. അത്തരം ഒരവസ്ഥ അദ്ദേ ഹത്തിൻെറ പ്രവാചകത്വജീവിതത്തിന് മുമ്പ് ഉണ്ടായിട്ടില്ല. മാർഗം അറിയുകയും അതിൽനിന്ന് വ്യതിചലിക്കുകയും ചെയ്യുന്നതിനാണല്ലോ വഴികേടിലാവുകയെന്ന് പറയുന്നത്. പ്രവാചകനാകട്ടെ, തൻെറ പ്രവാചകത്വത്തിനു മുമ്പ് ഒരിക്കൽ പോലും നേർമാർഗത്തെപ്പറ്റി ബോധവാനായിരുന്നില്ല. മാത്രവുമല്ല, കള്ളം പറയുകയോ വിഗ്ര ഹങ്ങൾക്കു മുമ്പിൽ തലകുനിക്കുകയോ വ്യഭിചരിക്കുകയോ ചെയ്തിട്ടില്ല. ഒരുതര ത്തിലുള്ള സ്വഭാവ-പെരുമാറ്റ ദൂഷ്യങ്ങളും അദ്ദേഹത്തിൽനിന്ന് അശേഷം ഉണ്ടായിട്ടില്ല. ശത്രുക്കൾ പോലും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യാൻ കാരണം അദ്ദേ ഹത്തിൻെറ ഈ സ്വഭാവവൈശിഷ്ട്യമായിരുന്നു. ആ സമൂഹത്തിൽ നടമാടിയിരുന്ന വൈകൃതങ്ങൾ അദ്ദേഹത്തിൻെറ ജീവിതത്തിൽ ഉണ്ടായിരുന്നില്ല എന്നു മാത്രമല്ല, അതിൻെറ സമീപത്തുപോലും അദ്ദേഹം ചെല്ലുകയുണ്ടായില്ല. ജനം ഈ ചെയ്യു ന്നതൊന്നും നല്ലതല്ലെന്നും ബിംബാരാധന യഥാർഥത്തിൽ ദൈവത്തിനുള്ള ഉപാസനാ മാർഗമല്ലെന്നും അദ്ദേഹത്തിന് അറിയാമയിരുന്നു. അതേയവസരം യഥാർഥത്തിലുള്ള ദൈവോപാസന എന്താണെന്നും അതിനുള്ള മാർഗം ഏതാണെന്നും അദ്ദേഹത്തിന് അറിയില്ലായിരുന്നു. മറ്റൊരർഥത്തിൽ എന്താണ് ദൈവപ്രീതിക്കനുയോജ്യമായി ജീവി ക്കാനുള്ള വഴിയെന്നോ എന്താണ് ആരാധനാക്രമങ്ങളെന്നോ അദ്ദേഹിന് അറിയി ല്ലായിരുന്നു. അക്കാര്യം ഖുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇതെ സംബ ന്ധിച്ചാണ് "വഴിയറിയാത്തവനായി കണ്ടു" എന്നു ഖുർആൻ പ്രസ്താവിച്ചത്.

ഇതൊരിക്കലും പ്രവാചകൻ വഴികേടിലായി എന്ന് കുറിക്കുന്നില്ല. അതേയവ സരം വ്യക്തമായും കണിശമായും ദൈവികമാർഗത്തെ സംബന്ധിച്ച് അജ്ഞനാ യിരുന്നു, പ്രവാചകത്വത്തിന് മുമ്പു വരെ.

---

وَوَجَدَكَ عَائِلًا فَأَغْنَى വവജദക ആഇലൻ ഫഅഗ്നാ

നിന്നെ നിർധനനായി കാണുകയും അങ്ങനെ സമ്പന്നനാക്കുകയും ചെയ്തില്ലേ?

---

പ്രവാചകൻ ഒരു സമ്പന്നനായിരുന്നില്ല. ഒരുനേരം പോലും വയർ നിറച്ചുണ്ണാൻ വക യോ ഉറങ്ങുവാൻ നല്ല മെത്തയോ ഇല്ലാതിരുന്ന ദരിദ്രനായിരുന്നു അദ്ദേഹം. പിതാ വിൽനിന്ന് അനന്തരമായി ആകെ കിട്ടിത് ഒരൊട്ടകവും അടിമസ്ത്രീയുമായിരുന്നു. പ്രവാചകത്വത്തിന് മുമ്പ് ഈ ദാരിദ്ര്യാവസ്ഥയിലാണ് അദ്ദേഹം കഴിച്ചുകൂട്ടിയിരു ന്നത്. അതിനു ശേഷം ഖുറൈശികളിലെ ധനാഢ്യയും കുലീനയുമായ ഖദീജയു മായി ദാമ്പത്യജീവിതത്തിൽ ഏർപ്പെടുകയും അവരുടെ കച്ചവടത്തിൻെറ മേൽനോട്ടം

വഹിക്കുകയും ചെയ്തതോടെയാണ് ഈ അവസ്ഥ മാറിയത്. എന്നാൽ അവരുടെ സമ്പത്തിനെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന അവസ്ഥ അദ്ദേഹത്തിനുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ ആത്മാർഥമായ അധ്വാനത്തിൻെറ ഫലമായിരുന്നു അവരുടെ കച്ചവടത്തിൻെറ വിജയമത്രയും.

---

فَأَمَّا الْيَتِيمَ فَلَا تَقْهَرْ ഫഅമ്മൽ യതീമ ഫലാ തഖ്ഹർ

അതിനാൽ അനാഥയോട് നീ പരുഷമായി പെരുമാററരുത്.

---

തീർത്തും അനാഥനായിരുന്ന ഘട്ടത്തിൽ അദ്ദേഹത്തെ ഏത് വിധമാണോ അല്ലാഹു സംരക്ഷിച്ചത് അതേവിധം മറ്റു അനാഥകളോട് നല്ല രീതിയിൽ വർത്തിക്കണം. ഒരിക്കലും അവരോട് മോശമായി പെരുമാററരുത്. അനാഥയോട് നല്ല നിലയിൽ പെരുമാറാനായിരുന്നു പിൽക്കാലത്ത് അദ്ദേഹം തൻെറ അനുയായികളോട് കല്പിച്ചിരുന്നത്.

---

وَأَمَّا السَّائِلَ فَلَا تَنْهَرْ വഅമ്മസ്സാഇല ഫലാ തൻഹർ

എന്നാൽ ചോദിച്ചുവരുന്നവനെ നീ ആട്ടുകയും അരുത്.

---

ഇത് രണ്ടാമതും മൂന്നാമതും പറഞ്ഞ ഔദാര്യവുമായി ബന്ധപ്പെട്ട നിർദ്ദേശമാണ്. ഒരു ഘട്ടത്തിൽ അദ്ദേഹം വഴിയറിയാത്തവനായിരുന്നു. എന്നാൽ അല്ലാഹു അദ്ദേഹത്തിന് വഴിയരുളുകയുണ്ടായി. അതിനാൽ, ദീനിനെ സംബന്ധിച്ചോ മറ്റു വിധികളെ സംബന്ധിച്ചോ ആരെങ്കിലും നിന്നെ സമീപിക്കുകയാണെങ്കിൽ നാം നിനക്ക് വഴി കണിച്ചുതന്നതു പോലെ അവർക്ക് നീ അതെപ്പറ്റി അറിയിച്ചുകൊടുക്കുക.

മൂന്നാമത് പറഞ്ഞ ഔദാര്യത്തെ ബന്ധപ്പെടുത്തിയും ഇക്കാര്യം പറയാം. അതായത്, അദ്ദേഹത്തെ ദരിദ്രനായി കാണുകയും അല്ലാഹു അദ്ദേഹത്തിന് സമ്പന്നത നല്കുകയും ചെയ്തു. ഈ ഔദാര്യത്തിന് നന്ദി പ്രകടിപ്പിക്കേണ്ടതിന് സഹായം ചോദിച്ചുവരുന്നവരെ സഹായിക്കുക. അല്ലെങ്കിൽ അവരോട് സൗമ്യമായി പെരുമാറുകയും നല്ലത് പറയുകയും ചെയ്യുക.

---

وَأَمَّا بِنِعْمَةِ رَبِّكَ فَحَدِّثْ വഅമ്മാ ബിനിഅ്മതിക റബ്ബിക ഫഹദ്ദിസ്

നിൻെറ നാഥൻെറ അനുഗ്രഹത്തെ സംബന്ധിച്ച് പ്രസ്താവിക്കുകയും ചെയ്യുക.

---

നിൻെറ നാഥൻെറ അനുഗ്രഹം എന്നത് വിശാലമായ അർഥത്തിലുള്ള ആശയമാണ്. ഇതുവരെ പ്രവാചകന് നല്കിയതും ഇനി നല്കാനിരിക്കുന്നതുമായ എല്ലാം ഈ അനുഗ്രഹത്തിൽ പെടും. ഈ അനുഗ്രഹങ്ങളെയെല്ലാം നന്ദിപൂർവം ഓർക്കുകയും വിളംബരപ്പെടുത്തുകയും ചെയ്യണമെന്നാണ് അല്ലാഹു നിർദ്ദേശിക്കുന്നത്. ഓരോ അനുഗ്രഹവും അതിനനുസൃതമായ രീതിയിലും ആ അനുഗ്രഹം എന്താണോ തേടുന്നത് അതിനനുസരിച്ചുമാണ് പ്രവർത്തിക്കേണ്ടത്. ധനം അനുഗ്രഹമാണ്. അതിൻെറ പേരിൽ ദൈവത്തോട് നന്ദി കാണിക്കേണ്ടത് അനിവാര്യമാണ്. ആ അനുഗ്രഹത്തിൻെറ രൂപമാകട്ടെ, ധനം നല്ല നിലയിൽ ചെലവഴിക്കുകയും ആവശ്യക്കാർക്കും അവകാശികൾക്കും നല്കുകയും ചെയ്യലാണ്. ഈ രീതിയിൽ ഏതെല്ലാം രീതിയിലെല്ലാം അല്ലാഹു പ്രവാചകനെ അനുഗ്രഹിച്ചുവോ ആ രീതിയിലെല്ലാം അദ്ദേഹം സമൂഹത്തിൽ ജീവിക്കണം എന്നാണ് അല്ലാഹു നിർദ്ദേശിക്കുന്നത്- കൂടുതൽ അറിയുന്നവൻ അല്ലാഹുവാകുന്നു.